# അകലക്കുന്നം ഗ്രാമപഞ്ചായത്ത്

രാജ്യത്തിന്റെ പുരോഗതി എന്നാൽ ഗ്രാമങ്ങളുടെ പുരോഗതിയാണെന്നും ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നതെന്നും പറഞ്ഞ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ആശയം ഉൾക്കൊണ്ട് പഞ്ചായത്ത്രാജ് സംവിധാനത്തിന്റെ ഭാഗമായി സ്വാശ്രയഗ്രാമം സഫലമാക്കാൻ ഒരുങ്ങുന്ന അക്ഷര ജില്ലയിലെ ഒരു കൊച്ചു ഗ്രാമമാണ് അകലക്കുന്നം ഗ്രാമപഞ്ചായത്ത്.

1950ലെ തിരുവിതാംകൂർ കൊച്ചി പഞ്ചായത്ത് ആക്റ്റിന്റെ അടിസ്ഥാനത്തിൽ ആനിക്കാട് വടക്കുംഭാഗം, ചെങ്ങളം, ഇടമുള, മറ്റക്കര എന്നീ കരകൾ ഉൾപ്പെടുത്തിയാണ് 1953 ൽ അകലക്കുന്നം ഗ്രാമപഞ്ചായത്ത് രൂപീകൃതമായത്.

കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ പെടുന്ന അകലക്കുന്നം,ചെങ്ങളം ഈസ്റ്റ് വില്ലേജുകളിലായി 34 ചതുരശ്രകിലോമീറ്റർ വ്യാപിച്ചു കിടക്കുന്നതാണ് അകലക്കുന്നം ഗ്രാമപഞ്ചായത്ത്. 15 വാർഡുകളിലായി 5000 ത്തോളം വീടുകളും ഇരുപതിനായിരത്തോളം ജനസംഖ്യയുമുണ്ട്. ചെറിയ കുന്നുകളോട് കൂടിയ ഭൂപ്രകൃതിയുള്ള അകലക്കുന്നം ഗ്രാമ പഞ്ചായത്തിൽ കാർഷിക മേഖലയാണ് പ്രധാന വരുമാന സ്ത്രോതസ് .കൃഷി അനുബന്ധ തൊഴിൽ മേഖലകളിൽ ഭൂരിപക്ഷം പേരും ജോലി ചെയ്യുന്നു. വടക്ക് കൊഴുവനാൽ മീനച്ചിൽ പഞ്ചായത്തുകളും കിഴക്ക് എലിക്കുളം പഞ്ചായത്തും തെക്ക് പള്ളിക്കത്തോട് പഞ്ചായത്തും പടിഞ്ഞാറ് കിടങ്ങൂർ, അയർക്കുന്നം പഞ്ചായത്തുകളും അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ അതിർത്തി പങ്കിടുന്നു. പന്നഗം തോട്, ക്ടാക്കുഴി തോട്, മൂങ്ങാമാക്കൽ തോട് എന്നിവ പഞ്ചായത്തിലൂടെയാണ് ഒഴുകിയിറങ്ങി മീനച്ചിലാറ്റിലെത്തുന്നത്. 1953 സെപ്റ്റംബർ 27ാം തീയതി പഞ്ചായത്തിന്റെ ആദ്യ ഭരണസമിതി അധികാരത്തിൽ വന്നപ്പോൾ എട്ടു വാർഡുകളാണ് ഉണ്ടായിരുന്നത്. പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റായി ശ്രീ. C .D. മാത്യു ജീരകത്തിലും ആദ്യ വൈസ് പ്രസിഡന്റായി ശ്രീ. എൻ. കെ. മാധവൻ നായർ ആര്യാട്ടും തിരഞ്ഞെടുക്കപ്പെട്ടു. 1963 വരെയുണ്ടായിരുന്ന ആദ്യ ഭരണസമിതിയിൽ തന്നെ ശ്രീ. V. V. ചാക്കോ നെടുംതകിടിയും പ്രസിഡന്റായിരുന്നു.

1963 ഡിസംബർ മാസം പന്ത്രണ്ടാം തീയതി നിലവിൽ വന്ന രണ്ടാം ഭരണസമിതി 1979 ജൂലൈ മാസം 31-ാം തീയതി വരെ അധികാരത്തിൽ ഉണ്ടായിരുന്നു. ഭരണസമിതിയുടെ പ്രസിഡന്റായി ശ്രീ എം .എസ് . തോമസ് മുണ്ടാട്ടുകുന്നേലും ശ്രീ.വി.ആർ.ദാമോദരൻ നായരും സേവനം അനുഷ്ഠിച്ചു. അക്കാലത്ത് 9 വാർഡുകളായിരുന്നു ഉണ്ടായിരുന്നത്.

1979 സെപ്റ്റംബർ 29ന് നിലവിൽ വന്ന മൂന്നാമത്തെ ഭരണസമിതി 1984 ഒക്ടോബർ 20 വരെ അധികാരത്തിലിരുന്നു. ശ്രീ കെ.ജെ. ജോസഫ് കുഴിക്കൊമ്പിൽ പ്രസിഡന്റും ശ്രീ എ. വി. തോമസ് ഇലവനാൽ വൈസ് പ്രസിഡന്റുമായിരുന്നു. ഈ കാലഘട്ടത്തിൽ ശ്രീ. കെ.റ്റി. ജോസഫ് കുപ്പഴയ്ക്കലും വൈസ്പ്രസിഡന്റ് സ്ഥാനത്തുണ്ടായിരുന്നു.

1988 മുതൽ 1995 വരെ അധികാരത്തിലിരുന്ന നാലാമത്തെ ഭരണസമിതിയുടെ ആദ്യ പ്രസിഡന്റ് ശ്രീ.റ്റി.റ്റി. ജോസഫ് തുളുമ്പൻമാക്കലും ആദ്യവൈസ് പ്രസിഡന്റ് ശ്രീ. പി.വി.സ്കറിയ പിരിയൻമാക്കലും ആയിരുന്നു. ഈ കാലയളവിൽ തന്നെ ശ്രീ. പി.വി.സ്കറിയ പിരിയൻ മാക്കൽ പ്രസിഡന്റായും ശ്രീമതി റോസമ്മ ഫിലിപ്പ് വൈസ് പ്രസിഡന്റായും സേവനമനുഷ്ഠിച്ചു. പഞ്ചായത്ത്

ഓഫീസർ എന്ന പേര് എക്സിക്യൂട്ടീവ് ഓഫീസർ എന്ന് മാറ്റിയതും പിന്നീട് സെക്രട്ടറി എന്ന രൂപാന്തരപ്പെട്ടതും ജീവനക്കാരുടെ കോമൺ സർവീസ് നിലവിൽ വന്നതും ഈ കാലയളവിലാണ്.

അധികാരവികേന്ദ്രീകരണത്തിലൂടെ ത്രിതല പഞ്ചായത്ത് സംവിധാനം യാഥാർത്ഥ്യമാക്കപ്പെട്ടപ്പോൾ 1995 ലാണ് അഞ്ചാമത് പഞ്ചായത്ത് ഭരണസമിതി അധികാരത്തിൽ വന്നത്. സെപ്റ്റംബർ 30ന് ചുമതലയേറ്റ ഗ്രാമപഞ്ചായത്ത് ഭരണ കാലയളവിൽ ശ്രീമതി. ത്രേസ്യാമ്മ ചാണ്ടിയും ഡോ. വൻസമ്മ ജോർജും, ശ്രീമതി സരസമ്മ ഗോപാലനും പ്രസിഡന്റുമാരായും ശ്രീ. മാത്തച്ചൻ താമരശ്ശേരിയും, ശ്രീ.ജേക്കബ് തോമസും വൈസ് പ്രസിഡന്റുമാരായും ഗ്രാമപഞ്ചായത്തിനെ നയിച്ചു. 10 വാർഡുകളാണ് ഈ കാലഘട്ടത്തിൽ ഉണ്ടായിരുന്നത്.

2000 സെപ്റ്റംബർ 30ന് ആറാമത് ഭരണസമിതി അധികാരത്തിലെത്തി. ശ്രീ ജോസ് ചാണ്ടി ആയിരുന്നു പ്രസിഡന്റ് ആ കാലയളവിൽ തന്നെ ശ്രീ മാത്തുക്കുട്ടി ഞായർകുളവും ശ്രീ. ജേക്കബ് തോമസും പ്രസിഡൻറുമാരായും വൈസ് പ്രസിഡൻറു മാരായി ശ്രീമതി. മേരി ഫിലിപ്പ് കൊച്ചുമഠം, ശ്രീമതി റീന ജോസ് തെക്കേമുറിയിൽ എന്നിവരും നേതൃത്വം കൊടുത്തു. ഈ കാലഘട്ടത്തിൽ 11 വാർഡുകളാണ് ഉണ്ടായിരുന്നത്.

ഏഴാമത്തെ പഞ്ചായത്ത് ഭരണസമിതി 2005 ഒക്ടോബറിൽ ചുമതലയേറ്റു. 2010 വരെയുള്ള അഞ്ചു വർഷക്കാലവും ശ്രീ.മാത്തച്ചൻ താമരശ്ശേരി പ്രസിഡന്റും ശ്രീ. ഷിജു ശശിധരൻ വൈസ് പ്രസിഡന്റും ആയിരുന്നു. 14 വാർഡുകളാണ് ഉണ്ടായിരുന്നത്.

2010 ഒക്ടോബർ മാസത്തിൽ അധികാരത്തിൽ വന്ന എട്ടാമത് ഭരണസമിതിയുടെ ആദ്യ പ്രസിഡന്റ് ശ്രീമതി. മേരി ഫിലിപ്പ് കൊച്ചുമഠവും രണ്ടാമത് ശ്രീമതി മേരി തോമസ് തെക്കേമുറിയിലുമായിരുന്നു. ശ്രീ.മാത്തുക്കുട്ടി ഞായർകുളം, ശ്രീ.ബെന്നി വടക്കേടം വൈസ്പ്രസിഡന്റുമായിരുന്നു, തുടർന്ന് ഷൈനി ജോസ് പ്രസിഡന്റും, ശ്രീ.സണ്ണി എബ്രഹാം പുറങ്ങനാൽ വൈസ് പ്രസിഡന്റു മായിരുന്നു. 15 വാർഡുകളാണ് ഉണ്ടായിരുന്നത്.

ഒമ്പതാമത്തെ പഞ്ചായത്ത് ഭരണസമിതി 2015 നവംബർ ആദ്യം നിലവിൽ വന്നു. ശ്രീ. സണ്ണി എബ്രഹാം പുറങ്ങനാലായിരുന്നു ആദ്യ പ്രസിഡൻറ്. തുടർന്ന് ശ്രീ. ബേബി തോമസ് പന്തലാനിക്കലും അതിനുശേഷം ശ്രീ. ടോണി എബ്രാഹം ഇടയ്ക്കട്ടു തറയും പ്രസിഡന്റുമാരായി സേവനമനുഷ്ഠിച്ചു. ഇതേ കാലയളവിൽ വൈസ് പ്രസിഡന്റായി യഥാക്രമം ശ്രീമതി. അജിത ജോമോൻ, ശ്രീമതി. ഷാലി ബെന്നി, ശ്രീമതി ജിജി ജോസ് എന്നിവർ നേതൃത്വം നൽകി.

2020 ഡിസംബർ മാസം ഇരുപത്തിയൊന്നാം തീയതി അധികാരമേറ്റ പഞ്ചായത്ത് ഭരണസമിതിയാണ് നിലവിലുള്ളത്. ശ്രീമതി. ജാൻസി ബാബു ഐക്കരമേപുറത്തു പ്രസിഡന്റായും ശ്രീ. രാജശേഖരൻ നായർ ഒറ്റപ്ലാക്കൽ വൈസ് പ്രസിഡന്റായും ആദ്യ പാദത്തിന് ശേഷം വൈസ് പ്രസിഡന്റായി ശ്രീ. ബെന്നി വടക്കേടവും തുടർന്ന് പ്രസിഡന്റ് സ്ഥാനത്തേക്ക് ശ്രീമതി.സിന്ധു അനിൽകുമാറും നിലവിൽ വൈസ് പ്രസിഡന്റായി ശ്രീ.മാത്തുക്കുട്ടി ഞായർകുളവും തെരഞ്ഞെടുക്കപ്പെട്ടു. ഈ കാലയളവിൽ തുടർച്ചയായി അഞ്ചുവർഷം വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സണായി ശ്രീമതി. ശ്രീലത ജയനും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സണായി ശ്രീ.ജേക്കബ് തോമസ് താന്നിക്കലും പ്രവർത്തിക്കുന്നു.

2025 ഡിസംബർ 21 ന് ആണ് പുതിയ ഭരണസമിതി അധികാരമേറ്റത്. ശ്രീ സുനിൽ തോമസ് പ്രസിഡന്റ് ആയും ശ്രീമതി സിജി സണ്ണി വൈസ് പ്രസിഡന്റ് ആയും ശ്രീ. അഭിലാഷ് കെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സണായും ശ്രീമതി.മിജോ ജോസഫ് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സണായും ശ്രീമതി. സിന്ധു അനിൽകുമാർ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സണായുമുള്ള ഭരണസമിതിയാണ് നിലവിലുള്ളത്